പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1561 | 04.12.2018- ൽ മറുപടിയ്ക്ക്

## വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വിഷരഹിത പച്ചക്കറി കൃഷിയും (എ) നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് " ജൈവകൃഷിയും ഉത്തമ കൃഷി മുറകളും " എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലും " പരമ്പരാഗത കൃഷി വികാസ് യോജന " എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇപ്രകാരം 34180 ഹെക്ടറിൽ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി ഈ വർഷം നടപ്പിലാക്കി വരുന്നു. ഇതിൽ 27750 ഹെക്ടർ സ്ഥലത്ത് കുട്ടനാട്ടിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് നെൽകൃഷി നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പരമ്പരാഗത കൃഷി വികാസ് യോജനയിൽ 12380 ഹെക്ടറിൽ ജൈവ കൃഷി നടപ്പിലാക്കി വരുന്നു.<br><br>1) ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ<br>ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3000 രൂപ ധനസഹായം നൽകുന്നു. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ്, ക്ലസ്റ്ററൊന്നിന് 75000 രൂപ ധനസഹായം നൽകുന്നത്. നടപ്പ സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനു പുറമെ പി.കെ.വി.വൈ പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറുകളിൽ പ്രവർത്തിച്ചു വരുന്നു.<br><br>2. ഇക്കോഷോപ്പുകൾ<br>ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ |

വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 17 വിപണികൾക്കായി 30 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഹെക്ടറിന് 6000 രൂപ ക്രമത്തിലാണ് ധനസഹായം നൽകുന്നത്.

5. കുട്ടനാട് ജി.എ.പി പദ്ധതി

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വിനിയോഗിക്കുന്നു. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ , മുനിസിപ്പാലിറ്റി , ഗ്രാമ പഞ്ചായത്ത് ജില്ലാതലത്തിൽ എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ

നൽകുന്നു.

7. അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കേളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലശാലയുടെയും കൃഷി വകുപ്പിന്റേയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. ശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർകുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ

സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)

ഇത് ഒരു കേന്ദ്രാ വിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്നു വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവല്ക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ് സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) ഈ പദ്ധതിയുടെ ഭാഗമായി കൃഷിക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്കിൽ നിന്നും കാർഷിക ലോൺ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) കൃഷിക്കാവശ്യമായ ഉല്പാദനോപാധികളായ വളം വിത്ത് തുടങ്ങിയവ വാങ്ങുന്നതിനും മറ്റ് കൃഷി ആവശ്യങ്ങൾക്കുമായി ഹ്രസ്വകാല വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്. ഹ്രസ്വകാല വായ്പകൾ 7% പലിശ നിരക്കിലാണ് കർഷകർക്ക് നൽകുന്നത്. എന്നാൽ കൃത്യമായി ലോൺ തിരിച്ചടക്കുന്നവർക്ക് RBI യുടെ Interest Subvention Scheme പ്രകാരം 3% സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എല്ലാ സഹായങ്ങളും ചെയ്തു വരുന്നുണ്ട്. കർഷകർക്ക് കൃഷിക്കും മറ്റാവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെയും ബാങ്ക് വായ്പ പ്രദാനം ചെയ്യുന്നത് കിസ്സാൻ ക്രെഡിറ്റ് കാർഡിലൂടെയാണ്. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി ഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ ശുപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നുണ്ട്. ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി (B.L.B.C), ജില്ലാതല റിവ്യൂ കമ്മിറ്റി (D.L.R.C) സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി

പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനെ കുറിച്ചും ചർച്ച ചെയ്യാറുണ്ട്. ഇതോടൊപ്പം തന്നെ വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ബാങ്കിന്റെ സഹായത്തോടുകൂടി ഹരിത കാർഡുകൾ കർഷകർക്ക് നൽകിവരുന്നു. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നതായി കണ്ടുവരുന്നു. കൂടാതെ ഹരിത കാർഡ് കൃഷിക്കാരുടെ ഒരു തിരിച്ചറിയൽ കാർഡായും ഉപയോഗിച്ചുവരുന്നു.

Sreelatha

**സെക്ഷൻ ഓഫീസർ**